**എ.വൈ.ആർ**


സൂറ-12

# യൂസുഫ്

قَالَ قَآئِلٌ مِّنْهُمْ لَا تَقْتُلُوا۟ يُوسُفَ وَأَلْقُوهُ فِى غَيَٰبَتِ ٱلْجُبِّ
يَلْتَقِطْهُ بَعْضُ ٱلسَّيَّارَةِ إِن كُنتُمْ فَٰعِلِينَ ﴿١٠﴾

قَالُوا۟ يَٰٓأَبَانَا مَا لَكَ لَا تَأْمَ۫نَّا عَلَىٰ يُوسُفَ وَإِنَّا لَهُۥ لَنَٰصِحُونَ ﴿١١﴾

أَرْسِلْهُ مَعَنَا غَدًا يَرْتَعْ وَيَلْعَبْ وَإِنَّا لَهُۥ لَحَٰفِظُونَ ﴿١٢﴾

قَالَ إِنِّى لَيَحْزُنُنِىٓ أَن تَذْهَبُوا۟ بِهِۦ وَأَخَافُ أَن يَأْكُلَهُ ٱلذِّئْبُ وَأَنتُمْ عَنْهُ
غَٰفِلُونَ ﴿١٣﴾

قَالُوا۟ لَئِنْ أَكَلَهُ ٱلذِّئْبُ وَنَحْنُ عُصْبَةٌ إِنَّآ إِذًا لَّخَٰسِرُونَ ﴿١٤﴾

**10** കൂട്ടത്തിലൊരുവൻ പറഞ്ഞു: യൂസുഫിനെ കൊല്ലേണ്ട. ഏതെങ്കിലും ആഴമുള്ള പൊട്ടക്കിണറ്റിൽ തള്ളാം. വല്ല സഞ്ചാരികളും എടുത്തുകൊണ്ടു പൊയ്ക്കൊള്ളും; നിങ്ങൾക്ക് അവനെ ഒഴിവാക്കിയേ കഴിയൂ എങ്കിൽ.
**11** ഈ തീരുമാനപ്രകാരം അവർ ചെന്ന് യഅ്ഖൂബിനോടപേക്ഷിച്ചു: പിതാവേ, യൂസുഫിന്റെ കാര്യത്തിൽ അങ്ങ് ഞങ്ങളെ വിശ്വസിക്കാത്തതെന്ത്? ഞങ്ങളും അവന്റെ ഗുണകാംക്ഷികൾ തന്നെയാണല്ലോ.
**12** നാളെ അവനെ ഞങ്ങൾക്കൊപ്പം അയച്ചുതന്നാലും. അവൻ തിന്നുകുടിച്ചു കളിച്ചു രസിക്കട്ടെ. ഞങ്ങൾ നന്നായി നോക്കിക്കൊള്ളാം.
**13** യഅ്ഖൂബ് പറഞ്ഞു: നിങ്ങൾ അവനെ കൊണ്ടുപോകുന്നത് എനിക്ക് വലിയ മനക്ലേശമുണ്ടാക്കും. അവന്റെ കാര്യത്തിൽ നിങ്ങൾ അശ്രദ്ധരാകുമ്പോൾ അവനെ ചെന്നായ തിന്നേക്കുമെന്ന് ഞാൻ ഭയപ്പെടുന്നു.
**14** സഹോദരന്മാർ പ്രതികരിച്ചു: ഞങ്ങൾ ഒരു പ്രബല സംഘം കൂടെയുണ്ടായിട്ടും അവനെ ചെന്നായ തിന്നുകയാണെങ്കിൽ പിന്നെ ഞങ്ങൾ ഒന്നിനും കൊള്ളാത്തവർ തന്നെ ആയിരിക്കും.

قَالَ قَآئِلٌ= പറയുന്നവൻ(കൂട്ടത്തിലൊരുവൻ) പറഞ്ഞു مِّنْهُمْ = അവരിൽനിന്നുള്ള
لَا تَقْتُلُوا۟ يُوسُفَ= യൂസുഫിനെ നിങ്ങൾ കൊല്ലേണ്ട وَأَلْقُوهُ= അവനെ ഇടുവീൻ(തള്ളാം)
فِى غَيَٰبَتِ ٱلْجُبِّ= പൊട്ടക്കിണറ്റിന്റെ അഗാധതയിൽ (ഏതെങ്കിലും ആഴമുള്ള പൊട്ടക്കിണറ്റിൽ)
يَلْتَقِطْهُ= അവനെ കണ്ടെടുക്കും (എടുത്തുകൊണ്ടു പോയ്ക്കൊള്ളും) بَعْضُ ٱلسَّيَّارَةِ= ചില(വല്ല) സഞ്ചാരികൾ
إِن كُنتُمْ فَٰعِلِينَ= നിങ്ങൾ ചെയ്യുന്നവർ ആണെങ്കിൽ (നിങ്ങൾക്ക് അവനെ ഒഴിവാക്കിയേ കഴിയൂ എങ്കിൽ)
قَالُوا۟= ഈ തീരുമാനപ്രകാരം അവർ ചെന്ന് യഅ്ഖൂബിനോട് പറഞ്ഞു (അപേക്ഷിച്ചു) يَٰٓأَبَانَا= ഞങ്ങളുടെ പിതാവേ
مَا لَكَ= അങ്ങ് എന്താണ് لَا تَأْمَ۫نَّا= ഞങ്ങളെ വിശ്വസിക്കുന്നില്ല(ക്കാത്തത്) عَلَىٰ يُوسُفَ= യൂസുഫിന്റെ കാര്യത്തിൽ
وَإِنَّا= നിശ്ചയമായും ഞങ്ങൾ(ളും) ആണല്ലോ لَهُۥ= അവന്റെ لَنَٰصِحُونَ= ഗുണകാംക്ഷികൾ തന്നെ

അവർ മേഞ്ഞു തിന്നട്ടെ(തിന്നു കുടിച്ച്) =يَرۡتَعۡ നാളെ =غَدًا ഞങ്ങൾക്കൊപ്പം =مَعَنَا അവനെ അയച്ചു തന്നാലും =أَرۡسِلۡهُ
തീർച്ചയായും ഞങ്ങൾ അവനെ =وَإِنَّا لَهُۥ കളിക്കുകയും ചെയ്യട്ടെ (കളിച്ചു രസിക്കട്ടെ) =وَيَلۡعَبۡ
അദ്ദേഹം(യഅ്ഖൂബ്) പറഞ്ഞു =قَالَ സൂക്ഷിക്കുന്നവർ തന്നെയാകുന്നു (നന്നായി നോക്കിക്കൊള്ളാം) =لَحَٰفِظُونَ
എന്നെ ദുഃഖിപ്പിക്കും (എനിക്ക് വലിയ മനഃക്ലേശമുണ്ടാക്കും) =لَيَحۡزُنُنِيٓ തീർച്ചായും ഞാൻ, എന്റെ കാര്യം =إِنِّي
അവനെ തിന്നേക്കുമെന്ന് =أَن يَأۡكُلَهُ ഞാൻ ഭയപ്പെടുന്നു =وَأَخَافُ നിങ്ങൾ അവനെ കൊണ്ടുപോകുന്നത് =أَن تَذۡهَبُواْ بِهِۦ
നിങ്ങൾ അവനെകുറിച്ചശ്രദ്ധരായിരിക്കെ (അവന്റെ കാര്യത്തിൽ അശ്രദ്ധരായിരിക്കുമ്പോൾ) =وَأَنتُمۡ عَنۡهُ غَٰفِلُونَ ചെന്നായ =ٱلذِّئۡبُ
അവനെ ചെന്നായ തിന്നുകയാണെങ്കിൽ =لَئِنۡ أَكَلَهُ ٱلذِّئۡبُ അവർ പറഞ്ഞു (സഹോദരന്മാർ) പ്രതികരിച്ചു =قَالُواْ
എങ്കിൽ പിന്നെ ഞങ്ങൾ =إِنَّآ إِذٗا ഞങ്ങൾ (പ്രബലമായ) ഒരു സംഘം (കൂടെ) ഉണ്ടായിട്ടും =وَنَحۡنُ عُصۡبَةٌ
നഷ്ടപ്പെട്ടവർ തന്നെ (ഒന്നിനും കൊള്ളാത്തവർ തന്നെ ആയിരിക്കും) =لَّخَٰسِرُونَ

**10:** സഹോദരന്മാരിൽ ഒരാൾക്ക് യൂസുഫിനോട് അൽപം ദയയുണ്ടായിരുന്നു. യൂസുഫിനെ വധിക്കുന്നതിനോട് യോജിക്കാൻ അയാൾക്ക് കഴിഞ്ഞില്ല. അത് റൂബേൻ ആയിരുന്നുവെന്നും അതല്ല, യഹൂദയായിരുന്നുവെന്നും രണ്ടഭിപ്രായമുണ്ട്. ഏതായാലും അയാൾ നിർദേശിച്ചു: യൂസുഫിനെ നമ്മൾ കൊല്ലേണ്ട. വിദൂരമായ മരുപ്രദേശത്തുകൊണ്ടുപോയി വലിച്ചെറിയുകയും വേണ്ട. നമുക്കവനെ കുടുംബത്തുനിന്ന് ഒഴിവാക്കിയേ കഴിയൂവെങ്കിൽ ഏതെങ്കിലും പൊട്ടക്കിണറ്റിൽ തള്ളാം. غَيَٰبَتِ ٱلۡجُبِّ ആഴമുള്ള കിണറ്റിൽ എന്നാണ് മൂലവാക്ക്. جب പൊട്ടക്കിണറാണ്. വിജനസ്ഥലത്ത് വഴിവക്കിലുള്ള കിണറാണ് ഉദ്ദേശ്യം. അതിൽ നല്ല വെള്ളമുണ്ടായിരിക്കും. ആഴവുമുണ്ടായിരിക്കും. ജനങ്ങൾ സദാ ഉപയോഗിക്കുന്നതല്ലാത്ത കിണർ എന്ന അടിസ്ഥാനത്തിലാണതിനെ പൊട്ടക്കിണർ എന്നു പറയുന്നത്. വല്ലപ്പോഴും ആ വഴി വരുന്ന സഞ്ചാരികൾ മാത്രമേ അത് ഉപയോഗിക്കൂ. വഴിയിൽ എവിടെയൊക്കെയാണ് കിണറുള്ളതെന്ന് സഞ്ചാരികൾക്ക്- കച്ചവടസംഘങ്ങൾക്ക് വിശേഷിച്ചും- നന്നായറിയാം. ഓരോ കിണറിനടുത്തെത്തുമ്പോഴും അവർ അടുത്ത കിണറെത്തുന്നതുവരേക്കുള്ള വെള്ളം ശേഖരിക്കും.

പൊട്ടക്കിണറ്റിൽ തള്ളിയാൽ അവൻ പെട്ടെന്ന് മരിച്ചുപോവില്ല. അതിനിടയിൽ വല്ല യാത്രക്കാരും അതിൽനിന്ന് വെള്ളമെടുക്കാനെത്തും. അവർ അവനെ രക്ഷിച്ച് വിദൂരമായ അവരുടെ ദേശത്തേക്ക് കൊണ്ടുപൊയ്ക്കൊള്ളും. അങ്ങനെ കൊല്ലാതെ തന്നെ നമുക്കവനെ ഒഴിവാക്കാം.

إِن كُنتُمۡ فَٰعِلِينَ എന്ന വാക്യത്തിന്റെ നേർ തർജമ നിങ്ങൾ ചെയ്യുന്നവരാണെങ്കിൽ എന്നാണ്. നിങ്ങൾക്ക് വല്ലതും ചെയ്തേ പറ്റൂ എങ്കിൽ അഥവാ യൂസുഫിനെ ഒഴിവാക്കിയേ തീരൂ എങ്കിൽ എന്നാണ് അധിക പണ്ഡിതന്മാരും അതിനെ വ്യാഖ്യാനിച്ചിരിക്കുന്നത്. ഞാൻ പറയുന്നത് കേൾക്കുമെങ്കിൽ നിങ്ങൾ ഇങ്ങനെ ചെയ്യുക എന്നാണ് മറ്റൊരു വ്യാഖ്യാനം.

വഴിയിൽനിന്ന് കണ്ടുകിട്ടുക എന്ന അർഥത്തിലുള്ള التقاطൽനിന്നുള്ള ഭാവികാല ക്രിയയാണ് يلتقط. ഇതിൽനിന്നുള്ള لقطةന് വഴിയിൽനിന്ന് കണ്ടുകിട്ടുന്ന വസ്തു എന്നും لقيطന് വഴിയിൽനിന്ന് കണ്ടുകിട്ടുന്ന കുട്ടി എന്നുമാണർഥം.

കണ്ടുകിട്ടുന്ന കുട്ടിയുടെ വേഷഭൂഷാദികളിൽനിന്ന് അവന്റെ മതവും സമുദായവും മനസിലാകുന്നുണ്ടെങ്കിൽ അവനെ ആ മതക്കാരനായി കണക്കാക്കണമെന്നാണ് ഇസ്‌ലാമിക നിയമം. കണ്ടുകിട്ടിയ പ്രദേശത്ത് ഭൂരിപക്ഷം ഏതു സമുദായത്തിനാണോ ആ സമുദായത്തിൽ പെട്ടവനായി കരുതണം. കണ്ടെടുത്ത കുട്ടിക്ക് ഭക്ഷണവും മറ്റാവശ്യങ്ങളും നിവർത്തിച്ചു കൊടുക്കേണ്ടത് കണ്ടെടുത്തയാളുടെ ബാധ്യതയാകുന്നു. അതിനയാൾക്കു കഴിവില്ലെങ്കിൽ ചെലവു കൊടുക്കേണ്ട ബാധ്യത സർക്കാറിന്/ബൈത്തുൽമാലിന് ആകുന്നു. സർക്കാറും ഇല്ലാത്ത സാഹചര്യത്തിൽ അത്തരം കുട്ടികളുടെ ബാധ്യത മുസ്‌ലിം സമുദായം വീതിച്ചെടുക്കണം. അല്ലെങ്കിൽ കണ്ടെടുത്തവൻ ആ കുട്ടിക്കുവേണ്ടി കടംവാങ്ങിയെങ്കിലും കാര്യം നടത്തണം. ഇതൊക്കെ കുട്ടിയുടെ കൈവശമോ ഉടമസ്ഥതയിലോ ധനം ഇല്ലാത്ത സാഹചര്യത്തിലാണ്. അവന് സ്വന്തമായ ധനമുണ്ടെങ്കിൽ, കണ്ടെടുത്തയാൾ ദാനം ചെയ്യാൻ ഉദ്ദേശിക്കുന്നില്ലെങ്കിൽ ആ ധനം ഉപയോഗിച്ചു ചെലവു നടത്താം.

പിതാവ് അന്വേഷിച്ചുവന്നാൽ കുട്ടിയെ വിട്ടുകൊടുക്കണം. അപ്പോൾ അവനുവേണ്ടി ചെലവഴിച്ച തുക അയാളിൽനിന്നാവശ്യപ്പെടാം. പിതാവ് മനപൂർവം കുട്ടിയെ ഉപേക്ഷിച്ചതായിരുന്നുവെങ്കിൽ ചെലവുനൽകൽ അയാളുടെ നിർബന്ധ ബാധ്യതയാകുന്നു. പിതാവറിയാതെ കുട്ടി വഴി തെറ്റിപ്പോയതാണെങ്കിൽ ചെലവു കൊടുക്കാൻ നിർബന്ധ ബാധ്യതയില്ല. അപ്പോൾ കണ്ടെടുത്തയാൾ ചെലവഴിച്ചത് ദാനമായി കണക്കാക്കപ്പെടുന്നു.

വീണുകിട്ടുന്ന വസ്തുക്കളെക്കുറിച്ച് പണ്ഡിതന്മാർക്ക് വ്യത്യസ്ത അഭിപ്രായങ്ങളാണുള്ളത്. അത് വേണമെങ്കിൽ എടുക്കാം അല്ലെങ്കിൽ എടുക്കാതിരിക്കാം എന്നാണ് മാലികി മദ്ഹബിന്റെ നിലപാട്. ഒരു മുതലും പാഴാക്കിക്കൂടാ എന്നതിനാലും ജനത്തിന്റെ മുതലുകൾ സംരക്ഷിക്കാൻ മുസ്‌ലിംകൾക്കും ഉത്തരവാദിത്വമുണ്ട് എന്നതിനാലും കണ്ടുകിട്ടുന്ന മുതലുകൾ എടുക്കുന്നതാണുത്തമമെന്ന് ഹനഫി-ശാഫിഈ മദ്ഹബുകൾ പറയുന്നു. ഇമാം അഹ്മദിന്റെ വീക്ഷണത്തിൽ

വീണുകിട്ടുന്ന മുതലുകൾ എടുക്കാതിരിക്കുന്നതാണുത്തമം.

വീണുകിട്ടിയ വസ്തു നിസ്സാരമോ ക്ഷണേന നശിക്കുന്നതോ ആണെങ്കിൽ സ്വയം ഉപയോഗിക്കുകയോ ദാനം ചെയ്യുകയോ ചെയ്യാം. മൂല്യമുള്ളതും നിലനിൽക്കുന്നതുമാണെങ്കിൽ ഒരു കൊല്ലക്കാലം പരസ്യപ്പെടുത്തണം. ഉടമ വന്നാൽ കൊടുക്കണം. ഒരു കൊല്ലം കഴിഞ്ഞാൽ കണ്ടെടുത്തയാൾക്ക് ഉപയോഗിക്കാം. ഒരു വർഷത്തിനു ശേഷം ഉടമയെത്തിയാലും തിരിച്ചു കൊടുക്കേണ്ടതാണ്. വിൽക്കുകയോ മറ്റോ ചെയ്തിട്ടുണ്ടെങ്കിൽ വില കൊടുക്കണം. ദാനം ചെയ്തുപോയതാണെങ്കിൽ വസ്തു ഉടമ അതിന്റെ പുണ്യം കൊണ്ട് തൃപ്തിപ്പെടണം. എന്നാൽ ഒരു കൊല്ലം തികയും മുമ്പ്, കണ്ടുകിട്ടിയവർ അത് ദാനം ചെയ്യാൻ പാടില്ല. കണ്ടുകിട്ടിയ വസ്തുവിന്റെ സംരക്ഷണത്തിന് ചെലവായ മുതൽ അതിന്റെ ഉടമയിൽനിന്ന് ഈടാക്കാവുന്നതാണ്.

**11,12:** ഗൂഢാലോചന നടപ്പിലാക്കുന്നതിന് യൂസുഫിനെ പുറത്തേക്ക് വിട്ടുകിട്ടാൻ സഹോദരന്മാർ പിതാവിനെ സമീപിച്ച സന്ദർഭമാണ് ഈ സൂക്തങ്ങൾ പരാമർശിക്കുന്നത്. അവർ പിതാവിനോടു ചോദിച്ചു: "അങ്ങെന്താണ് യൂസുഫിനെ ഞങ്ങളോടൊപ്പം മേച്ചിൽ പുറത്തേക്കൊന്നും വിടാതെ വീട്ടിൽതന്നെ നിർത്തിയിരിക്കുന്നത്? ഇങ്ങനെ എപ്പോഴും വീട്ടിൽതന്നെ നിന്നാൽ അവൻ പുറം ലോകം കാണാതെ മുഷിയുകയും മുരടിക്കുകയുമില്ലേ? അവന്റെ കാര്യത്തിൽ അങ്ങയ്ക്ക് ഞങ്ങളെ ഒട്ടും വിശ്വാസമില്ല അല്ലേ?' لَا تَأْمَنَّا عَلَىٰ يُوسُفَ എന്നാണ് മൂലവാക്യം. تأمنا أمنت على എന്ന ക്രിയയുടെ വർത്തമാനരൂപമായ تأمننا രണ്ട് نونകളെ ഉച്ചാരണ സൗകര്യത്തിന് ലയിപ്പിച്ച് ഒന്നാക്കിയതാണ് تأمنّا. നഷ്ടപ്പെടുത്തുകയില്ല എന്ന ഉത്തമവിശ്വാസത്തോടെ സൂക്ഷിക്കാൻ ഏൽപിക്കുക (ائتمان) എന്ന ആശയമാണ് ഈ വാക്ക് വഹിക്കുന്നത്. نصيحةൽ നിന്നുള്ള കർതൃപദമായ ناصح ന്റെ അർഥം മുമ്പ് വിശദീകരിച്ചിട്ടുണ്ട്. യഅ്ഖൂബ് നബിയോട് മക്കൾ പറയുന്നതിതാണ്. യൂസുഫിനെ ഞങ്ങളോടൊപ്പം അയക്കാൻ തീരെ വിശ്വാസമില്ലാത്തതുകൊണ്ടാണ് അങ്ങവനെ വീട്ടിൽ നിർത്തിയിരിക്കുന്നത്. എന്നാൽ അങ്ങയെപ്പോലെ തന്നെ അവനെ പരിപാലിക്കാനും അവന്റെ താൽപര്യങ്ങൾ സംരക്ഷിക്കാനും ആഗ്രഹിക്കുന്നവരും പ്രവർത്തിക്കുന്നവരുമാണ് ഞങ്ങൾ.

ഇനിയെങ്കിലും അങ്ങ് ഞങ്ങളെ വിശ്വസിച്ചാലും. നാളെ അവൻ ഞങ്ങളോടൊപ്പം മേച്ചിൽ പുറത്തേക്കു വരാൻ അവനെ അനുവദിക്കണം. അവൻ യഥേഷ്ടം കാട്ടുകനികൾ തിന്ന് കളിച്ചു രസിക്കട്ടെ. ഒരു പോറലുമേൽക്കാതെ ഞങ്ങളവനെ കാത്തുസൂക്ഷിച്ചുകൊള്ളാം.

الرعي (മേഞ്ഞുതിന്നൽ)ൽ നിന്നുള്ള ارتعى എന്ന ക്രിയയുടെ വർത്തമാന രൂപമാണ് يَرْتَعْ. ഫലങ്ങൾ യഥേഷ്ടം തിന്നുകയാണ് رتع. ഇതിൽനിന്നുള്ള رتعة ന് സമൃദ്ധി, ഫലഭൂയിഷ്ഠത എന്നും അർഥമുണ്ട്. കാലികളെ മേയ്ക്കാൻ വനത്തിൽ പോകുന്നവർക്ക് ധാരാളം കാട്ടുകനികൾ തിന്നാൻ കഴിയുമായിരുന്നു. കാലികളെ മേയാൻ വിട്ടുകഴിഞ്ഞാൽ, കാട്ടുകനികൾ ശേഖരിക്കാനും, അമ്പെയ്തും മത്സരിച്ചോടിയും വിനോദിക്കാനും ഇടയന്മാർക്ക് ധാരാളം സമയം ലഭിക്കും. അതാണിവിടെ يَرْتَعْ وَيَلْعَبْ എന്നു പറയുന്നതിന്റെ സാംഗത്യം. ആദ്യം പറഞ്ഞ إِنَّا لَهُۥ لَنَٰصِحُونَ ന്റെ മറ്റൊരു ഭാഷ്യമാണ് രണ്ടാമതു പറഞ്ഞ إِنَّا لَهُۥ لَحَٰفِظُونَ. യൂസുഫിനെ ഞങ്ങൾക്കൊപ്പം അയക്കാൻ ഒട്ടും മടിക്കേണ്ട, ഞങ്ങളവനെ പൊന്നുപോലെ നോക്കിക്കൊള്ളാം എന്നു സാരം.

**13,14:** മക്കൾ കൊടുത്ത ഉറപ്പിനെ യഅ്ഖൂബ്(അ) തള്ളിപ്പഞ്ഞില്ല. അത് അപ്പടി അംഗീകരിച്ചതുമില്ല. തന്റെ ഭയാശങ്കകൾ മറ്റൊരു വിധത്തിൽ വെളിപ്പെടുത്തുകയാണദ്ദേഹം ചെയ്തത്. യൂസുഫിനെ നിങ്ങൾ കൊണ്ടുപോയാൽ എനിക്ക് വലിയ ആധിയാകും. നിങ്ങൾ കാലികളുടെ കാര്യത്തിൽ വ്യാപൃതരാകുമ്പോൾ അവനെ വേണ്ടവണ്ണം നോക്കാൻ കഴിയുമോ? കാട്ടുകനികൾ ശേഖരിക്കുന്നതിലും വിനോദത്തിലും മുഴുകുമ്പോൾ അവന്റെ കാര്യം മറന്നേക്കും. അത്തരം സന്ദർഭങ്ങളിൽ ചെന്നായ വന്ന് അവനെ പിടിച്ചു തിന്നാലോ എന്നാണെന്റെ ഭയം. ശാം പ്രദേശത്തെ വനങ്ങളിലുണ്ടായിരുന്ന ചെന്നായ്ക്കൾക്ക് കൊതിയും ക്രൗര്യവും വളരെ കൂടുതലാണ്. യൂസുഫാണെങ്കിൽ വീട്ടിൽ അനായാസം വളരുന്നവനാണ്. ചെന്നായ്ക്കളെ നേരിടാനുള്ള കഴിവും പരിചയവുമൊന്നും അവനില്ല. ചെന്നായകൾക്കാകട്ടെ ഇര ദുർബലനെന്നു കണ്ടാൽ ക്രോധവും വീര്യവും കൂടുകയും ചെയ്യും.

പിതാവിന്റെ ഭയം തീരെ അസ്ഥാനത്തും ബാലിശവുമാണെന്ന് ബോധിപ്പിക്കുകയാണ് മക്കൾ: ഞങ്ങൾ എന്തിനും പോന്ന പത്തുപേരുടെ ബലമായ സംഘം കൂടെയുള്ളപ്പോൾ അവനെ ചെന്നായ വന്നു പിടിക്കുകയോ? അതൊരിക്കലും സംഭവിക്കില്ല. ഞങ്ങളുടെ കൊച്ചനുജനെ ഏതു കാട്ടു മൃഗത്തിൽനിന്നും കാക്കാനുള്ള കഴിവും കരുത്തും ഞങ്ങൾക്കുണ്ട്. പ്രിയങ്കരനായ യൂസുഫിനെ ചെന്നായയിൽനിന്ന് രക്ഷിക്കാനായില്ലെങ്കിൽ പിന്നെ ഞങ്ങളെ എന്തിനുകൊള്ളാം. إِنَّآ إِذًا لَّخَٰسِرُونَ (എങ്കിൽ ഞങ്ങൾ നഷ്ടപ്പെട്ടവരാകുന്നു) എന്നാണ് മൂലവാക്യം. പ്രതീക്ഷിക്കപ്പെടുന്ന പൗരുഷ ഗുണങ്ങളൊക്കെയും നഷ്ടപ്പെട്ടവരാകും എന്നാണ് സാരം. ഇതെല്ലാം കേട്ട യഅ്ഖൂബ് നബി ഒടുവിൽ മനമില്ലാ മനസ്സോടെ യൂസുഫിനെ കൂടെ കൊണ്ടുപോകാൻ സഹോദരന്മാരെ അനുവദിച്ചുവെന്ന് തുടർന്നുള്ള വചനങ്ങളിൽനിന്ന് വ്യക്തമാകുന്നു. ■

## തിരുത്ത്

*ഖുർആൻ ബോധനം* 568-ൽ(വാള്യം 67 ലക്കം 2) 11:102ന്റെ വിശദീകരണത്തിൽ (പേ. 27 കോളം 1 ഖണ്ഡിക 2) 'മുൻചൊന്ന പ്രവാചകരുടെ കർമജീവിതം തന്നെ' എന്ന് അച്ചടിച്ചത് 'മുൻചൊന്ന പ്രവാചകർ പ്രബോധനം ചെയ്ത സമുദായങ്ങളുടെ കർമജീവിതം തന്നെ' എന്നും 576-ൽ(67/11) 12:2 ന്റെ വിശദീകരണത്തിൽ സൂറഃ *ഫുസ്സിലത്* 44ാം സൂക്തത്തിന്റെ തർജമ (പേ 30 കോളം 2)യുടെ അവസാന ഭാഗം 'വചനം അനറബിയിൽ സംബോധിതരോ അറബികളും, വിചിത്രം തന്നെ!' എന്നും തിരുത്തേണ്ടതാകുന്നു. 577-ൽ (67/12) 12:7 സൂക്തത്തിന്റെ വാക്കർഥം ചേർക്കാൻ വിട്ടുപോയിരിക്കുന്നു. അത് ഇപ്രകാരം:

തീർച്ചയായും (ഉണ്ട്)ഉണ്ടായിരുന്നു =لَّقَدْ كَانَ

യൂസുഫി(ന്റെയും)ലും അദ്ദേഹ =فِى يُوسُفَ وَإِخْوَتِهِۦٓ

ത്തിന്റെ സഹോദരന്മാരിലും(രുടെയും കഥയിൽ)

ദൃഷ്ടാന്തങ്ങൾ =ءَايَٰتٌ

ചോദിക്കുന്നവ(ഈ അന്വേഷക)ർക്ക് =لِّلسَّآئِلِينَ

പിശകു പറ്റിയതിൽ ഖേദിക്കുന്നു. ചൂണ്ടികാണിച്ചു തന്ന സഹൃദയർക്ക് നന്ദി.

*പ്ര. പ.*